**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഗൂഗിൾ മീറ്റ് പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുവാനുള്ള ഗൂഗിൾ മീറ്റ് പരിപാടി സംബന്ധിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | ഓൺലൈൻ ക്ലാസ്സുകൾക്ക് തുടക്കത്തിൽ ജി-സ്യൂട്ട് ഉപയോഗിക്കാനും തുടർന്ന് സ്വന്തമായ ഡിജിറ്റൽ ലേണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അധ്യാപകർക്ക് ഓൺലൈനായി കുട്ടികളെ മോണിറ്റർ ചെയ്യുന്നതിനും പഠനതുടർച്ച ഉറപ്പാക്കുന്ന തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലാണ് ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട് നിലവിൽ 34 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇത് സംബന്ധിച്ച പരിശീലനം നൽകുന്നതാണ്. ഘട്ടം ഘട്ടമായി ഹയർ സെക്കന്ററിയിലേക്കും പത്താം ക്ലാസ്സിലേക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ മാതാപിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെയുള്ള പദ്ധതികൾ ആലോചിച്ചുവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട പ്ലാറ്റ് ഫോം ഉപയോഗിക്കുവാനായി എന്തെല്ലാം പരിശീലന പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് എന്നും എപ്പോൾ പ്രവർത്തനമാരംഭിക്കാനാണ് ലക്ഷ്യമിടുന്നത് എന്നും വ്യക്തമാക്കുമോ? | (ബി) | ഓൺലൈൻ ക്ലാസ്സുകൾക്ക് തുടക്കത്തിൽ ജി-സ്യൂട്ട് ഉപയോഗിക്കാനും തുടർന്ന് സ്വന്തമായ ഡിജിറ്റൽ ലേണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അധ്യാപകർക്ക് ഓൺലൈനായി കുട്ടികളെ മോണിറ്റർ ചെയ്യുന്നതിനും പഠനതുടർച്ച ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലാണ് ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട് നിലവിൽ 34 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇത് സംബന്ധിച്ച പരിശീലനം നൽകുന്നതാണ്. ഘട്ടം ഘട്ടമായി ഹയർ സെക്കന്ററിയിലേക്കും പത്താം ക്ലാസ്സിലേക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ മാതാപിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെയുള്ള പദ്ധതികൾ ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ